# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 934 30.6.2011- ൽ മറുപടിക്ക്

## അഴീക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) അഴീക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാനാകും ; | (എ) പാലത്തിനുവേണ്ടിയുള്ള അന്തിമ ഡിസൈനും വിശദമായ എസ്റ്റിമേറ്റും അംഗീകരിച്ച്, പൊതു മരാമത്ത് വകുപ്പിൽ നിലവിലുള്ള ദർഘാസ് നടപടിക്രമങ്ങൾ പാലിച്ചു കഴിഞ്ഞാൽ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് കഴിയുന്നതാണ്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ അപ്രോച്ച് റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് കഴിയുകയുള്ളൂ. |
| (ബി) പാലത്തിന്റെ സ്ഥലമെടുപ്പ് സംബന്ധമായ കാര്യങ്ങൾ ഏതുവരെയായി എന്നു വ്യക്തമാക്കാമോ ; | (ബി) സ്ഥലം ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ട 'ലാന്റ് അക്വിസിഷൻ തഹസിൽദാർ' വിശദമായി സർവ്വേ നടത്തി സർക്കാരിലേക്ക് 'റിക്വസിഷൻ' നൽകേണ്ടതുണ്ട്. അതിനാവശ്യമായ പ്രവൃത്തികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പാലം നിർമ്മാണത്തിന്റെ ഇതുവരെ നടന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (സി) | പാലം നിർമ്മാണത്തിനായി പാലത്തിന്റെ 'അലൈൻമെന്റ് അംഗീകരിച്ച് വിശദമായ ഡിസൈൻ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഓപ്പറേഷൻസ് വിഭാഗം ചീഫ് എഞ്ചിനീയർക്ക് റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അയച്ചിട്ടുണ്ട്. |
| (ഡി) | നിർമ്മാണത്തിനായി എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചുവെന്നു വ്യക്തമാക്കാമോ ? | (ഡി) | 4.2.2011 - ലെ സർക്കാർ ഉത്തരവ് (ആർ. റ്റി) നമ്പർ 216/2011/പൊ.മ.വ. അനുസരിച്ച് 92 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |

Dalitha

സെക്ഷൻ ഓഫീസർ